⇨ ഇന്ത്യയിലെ പ്രധാന 37 നദികളെ ബന്ധിപ്പിക്കുന്ന 30 പദ്ധതികളാണ് തയ്യാറാക്കിയത്⇨

**ഉപേക്ഷിക്കപ്പെട്ടു** എന്നു കരുതിയിരുന്ന ദേശീയ നദീബന്ധിപ്പിക്കൽ പദ്ധതി നടപ്പിലാക്കുമെന്ന് കേന്ദ്ര സർക്കാറിന്റെ നയ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയത് കേരളത്തെ സംബന്ധിച്ച് ഉത്കണ്ഠ ഉളവാക്കുന്ന സംഗതിയാണ്. ഈ ബൃഹത്തായ പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട പമ്പാ-അച്ചൻകോവിൽ-വൈപ്പാർ-ലിങ്ക് കനാൽ പദ്ധതി നടപ്പിലാക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി ഇന്ത്യൻ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2014-15 ലേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ നദീബന്ധിപ്പിക്കൽ പദ്ധതികളുടെ വിശദാംശരേഖകൾ തയ്യാറാക്കുവാൻ 100 കോടി രൂപ വക ഇരുത്തിയിട്ടുമുണ്ട്. പമ്പാ-വൈപ്പാർ പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിൽ പത്തനംതിട്ട ആലപ്പുഴ ജില്ലകളിലെയും, കുട്ടനാട്ടിലേയും ജനങ്ങളെ വളരെ ഏറെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനു കീഴിലുള്ള ദേശീയ ജലവികസന ഏജൻസി തയ്യാറാക്കി, നടപ്പിലാക്കുവാൻ വിഭാവന ചെയ്യുന്ന ദേശീയ നദീബന്ധിപ്പിക്കൽ പദ്ധതി (national river linking project) യിൽ ഉൾപ്പെടുത്തിയാണ് പമ്പാനദിയേയും അച്ചൻകോവിലാറിനേയും ബന്ധിപ്പിച്ച് തമിഴ്നാട്ടിലെ വൈപ്പാർ നദീതടത്തിലേക്ക് ഗതിമാറ്റി വിടുന്നതിനുള്ള പമ്പാ-വൈപ്പാർ പദ്ധതി.

## പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് കനാൽ

# കാടും പുഴയും കുട്ടനാടും മുടിക്കാൻ ഒരു പദ്ധതി

അനിയന്ത്രിത മണൽ ഖനനം ഉൾപ്പെടെയുള്ള ഇടപെടലുകൾ മൂലം ഇപ്പോൾത്തന്നെ ഊർദ്ധശ്വാസം വലിച്ചുകഴിയുന്ന പമ്പാ, അച്ചൻകോവിൽ നദികളുടെ ചരമഗീതം കുറിക്കുന്ന പദ്ധതിയാണ് ദേശീയ നദീബന്ധന പരിപാടിയുടെ ഭാഗമായി നടപ്പിലാക്കാൻ പോകുന്നതെന്ന്

**എൻ.കെ. സുകുമാരൻ നായർ**

ഇന്ത്യയുടെ ഭൂമിശാസ്ത്രം തന്നെ മാറ്റിവരയ്ക്കുവാൻ ഇടയാക്കിയേക്കാവുന്ന ഒന്നാണ് ദേശീയ നദീബന്ധിപ്പിക്കൽ പദ്ധതി. ഇന്ത്യയിലെ പ്രധാന 37 നദികളെ ബന്ധിപ്പിക്കുന്ന 30 പദ്ധതികളാണ് ദേശീയ ജലവികസന ഏജൻസി തയ്യാറാക്കിയത്. നിർദ്ദേശിക്കപ്പെട്ട മുപ്പത് പദ്ധതികൾ മുൻഗണന നൽകപ്പെട്ടു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതിൽ പമ്പാ-വൈപ്പാർ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു പൊതു താത്പര്യ ഹർജിയുടെ വാദത്തിനിടയിൽ ബഹു. സുപ്രീംകോടതി 2002 ഒക്ടോബർ 31 ന് നൽകിയ നിർദേശത്തെ തുടർന്നാണ്, ഒട്ടേറെ വിവാദങ്ങൾക്കു വഴി തെളിയിച്ച ദേശീയ നദീബന്ധിപ്പിക്കൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റ് ത്വരിതപ്പെടുത്തിയത്. 2016-ാം മാണ്ടോടെ എല്ലാ പദ്ധതികളും പൂർത്തിയാകത്തക്കവിധം ഒരു കർമ്മപദ്ധതി 2002 ഡിസംബറിൽ കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ സമർപ്പിച്ചിരുന്നു. 2012 ഫെബ്രുവരി 27 ന്റെ അവസാന വിധി

യിൽ, ബഹു. സുപ്രീംകോടതി കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കും നൽകിയ ഉത്തരവിൽ 30 പദ്ധതികളും നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**ദേശീയ നദീബന്ധിപ്പിക്കൽ പദ്ധതി**

അധിക ജലമുള്ള നദീതടങ്ങളിൽ നിന്ന്, വരൾച്ച ബാധിത പ്രദേശങ്ങളിലേക്കു ഗതിമാറ്റി വിടുവാനുള്ള ആശയം 1980 ൽ ജലവിഭവ വകുപ്പും സെന്റർ വാട്ടർ കമ്മീഷനും (CWC) തയ്യാറാക്കിയ ദേശീയ പേഴ്സ്പക്ടീവ് പ്ലാനിൽ (Natioanl pe-spective Plan) ഉൾക്കൊള്ളിച്ചിരുന്നതാണ്. ഇതിൽ രണ്ട് ഘടകങ്ങളാണുള്ളത്. 1. ഹിമാലയൻ നദികളുടെ വികസനം, 2. ഉപഭൂഖണ്ഡ നദികളുടെ വികസനം. ഉപഭൂഖണ്ഡ നദികളുടെ വികസനത്തിൽ ഉൾപ്പെടുത്തിയ പ്രധാന ഘടകങ്ങളിലൊന്ന്, പശ്ചിമദിശയിൽ ഒഴുകുന്ന നദികളെ ഗതിമാറ്റി കിഴക്കോട്ട് വിടണമെന്നുള്ളതാണ് (Diversion of other West flowing River to the East). 1980 മുതൽ തന്നെ പശ്ചിമ നദികളെ കിഴക്കോട്ട് ഗതിമാറ്റി വിടുന്നതു സംബന്ധിച്ച് ചർച്ചകൾ പാർലമെന്റിലടക്കം വിവിധ തലങ്ങളിൽ നടന്നിരുന്നു. ഇന്ത്യയിലെ നദികളെ ബന്ധിപ്പിക്കുന്ന പദ്ധതികൾ പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും 1982-ൽ ദേശീയ ജലവികസന ഏജൻസി രൂപീകരിച്ചു. അവർ ഹിമാലയൻ നദികളെ ബന്ധിപ്പിക്കുന്ന 14 പദ്ധതികളും, ഉപഭൂഖണ്ഡ നദികളെ ബന്ധിപ്പിക്കുന്ന 16 പദ്ധതികളും തയ്യാറാക്കി. 2002-ലെ കോടതി നിർദ്ദേശത്തെ തുടർന്ന് ദേശീയ തലത്തിൽ നദീബന്ധിപ്പിക്കൽ പദ്ധതിയെ ക്കുറിച്ച് ഗൗരവമായ ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും കേരളത്തിൽ പൊതുവെ നിസ്സംഗതയാണ് കണ്ടുവരുന്നത്.

**പമ്പാ-വൈപ്പാർ പദ്ധതി**

പമ്പാനദിയിലും, അച്ചൻകോവിലാറിലും മിച്ച ജലമുണ്ടെന്നുള്ള തെറ്റായ കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിൽ ഈ നദീതടങ്ങളിൽ നിന്ന് 634 ദശലക്ഷം ഘനമീറ്റർ വെള്ളം തമിഴ്നാട്ടിൽ വൈപ്പാർ നദിതടത്തിലേക്കു തിരിച്ചുവിടുവാനുള്ള പമ്പാ-വൈപ്പാർ പദ്ധതി, ദേശീയ ജലവികസന ഏജൻസി 1995ൽ തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ട് തമിഴ്നാട്, കേരള സർക്കാരുകൾക്ക് സമർപ്പിച്ചിരുന്നു. 1991 മുതൽ ദേശീയ ജലവികസന ഏജൻസി നടത്തിയ പഠനമനുസരിച്ച് രണ്ടു നദികളിലുമായി 3127 ദശലക്ഷം ഘനമീറ്റർ വെള്ളം അധികം ഉണ്ടെന്നുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് 634 ദശലക്ഷം ഘനമീറ്റർ (20 ശതമാനം) വെള്ളം വരൾച്ച ബാധിത പ്രദേശമായ വൈപ്പാർ നദീതടത്തിലേക്കു തിരിച്ചുവിടാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വൈപ്പാർ നദീതടത്തിലുള്ള തിരുനൽവേലി, തൂത്തുക്കുടി, വിരുദനഗർ ജില്ലകളിലുള്ള 91400 ഹെക്ടർ സ്ഥലത്തു കൂടുതലായി ജലസേചനത്തിന് പദ്ധതികൊണ്ട് വിഭാവന ചെയ്യുന്നു. 2001 ലെ എസ്റ്റിമേറ്റ് അനുസരിച്ച് 2588 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിച്ചിരുന്നത്.

> മഴക്കാലം അവസാനിക്കുന്നതോടെ അച്ചൻകോവിലാറിന്റെ നീരൊഴുക്ക് പലസ്ഥലത്തും ഇടമുറിയും, വേനൽക്കാലങ്ങളിൽ ഇടയ്ക്കിടക്കുള്ള വെള്ളക്കെട്ടുകളായി മാറും. ശബരിഗിരി പദ്ധതിയിൽ നിന്നുള്ള അവശിഷ്ട ജലം ഒഴുകിവരുന്നതുകൊണ്ട് പമ്പാനദി പൂർണ്ണമായി വരളാറില്ല.

**പദ്ധതിരേഖ**

വടശ്ശേരിക്കരയിൽ വച്ച് പമ്പാനദിയോടു ചേരുന്ന പമ്പ-കല്ലാറും വീയപുരത്തുവച്ച് പമ്പയോടു ചേരുന്ന അച്ചൻകോവിലാറും പമ്പാനദിയുടെ പ്രധാന രണ്ടു പോഷകനദികളാണ്. പമ്പയും അച്ചൻകോവിലാറും മണിമലയും കൂടിച്ചേർന്നും, പലതായി പിരിഞ്ഞും സിരാവ്യൂഹം പോലെ കുട്ടനാട്ടിലൂടെ ഒഴുകിയാണ് വേമ്പനാട്ടുകായലിൽ പതിക്കുന്നത്. പമ്പാ കല്ലാറിൽ പുന്നമേട് എന്ന സ്ഥലത്ത് 774 മീറ്റർ നീളത്തിലും, 150 മീറ്റർ ഉയരത്തിലും, അച്ചൻകോവിൽ കല്ലാറിൽ ചിറ്റാർ മൂഴി എന്ന സ്ഥലത്ത് 738 മീറ്റർ നീളത്തിലും 160 മീറ്റർ ഉയരത്തിലും, അച്ചൻകോവിലിൽ 216 മീറ്റർ നീളത്തിലും, 35 മീറ്റർ ഉയരത്തിലും മൂന്ന് അണക്കെട്ടുകൾ നിർമ്മിച്ച് മൂന്ന് ജലസംഭരണികൾ സൃഷ്ടിക്കും. പുന്നമേട്ടിലിലേയും, ചിറ്റാർ മൂഴിയിലേയും ജലസംഭരണികൾ തമ്മിൽ 5 മീറ്റർ വ്യാസവും 8 കി.മീറ്റർ ദൈർഘ്യമുള്ള തുരങ്കം വഴി ബന്ധിപ്പിക്കും. അച്ചൻകോവിൽ ജലസംഭരണിയിൽ നിന്ന് ചിറ്റാർ മൂഴി ജലസംഭരണിയിലേക്ക് വെള്ളം പമ്പുചെയ്ത് കയറ്റും. ചിറ്റാർ മൂഴി ജലസംഭരണിയിലെ വെള്ളം പശ്ചിമഘട്ട മലനിരകൾ തുരന്ന്, 8 മീറ്റർ വ്യാസവും, 9 കിലോമീറ്റർ ദൈർഘ്യമുള്ള തുരങ്കം വഴി വൈപ്പാർ നദിയുടെ പോഷകനദിയായ അലഗാറിൽ ചേരുന്ന ഹനുമാൻ തോട്ടിൽ നിർമ്മിച്ച മേക്കര ഡാമിലേക്കും വെള്ളം എത്തിക്കും. അവിടെ നിന്ന് 50.68 കി.മീറ്റർ ദൈർഘ്യമുള്ള പ്രധാന കനാൽ വഴി വിരുതനഗർ, തൂത്തുകുടി തിരുനൽവേലി ജില്ലകളിലായി 91400 ഹെക്ടർ കൃ

ഷിസ്ഥലത്ത് ജലസേചനം നടത്തും.

### മിച്ചജലം

പമ്പാനദിയിലും അച്ചൻകോവിലാറിലും കൂടി 3127 ദശലക്ഷം ഘനമീറ്റർ വെള്ളം ആവശ്യം കഴിഞ്ഞ് അധികം ഉണ്ടെന്നും, അതിന്റെ 20 ശതമാനം 634 ദശലക്ഷം ഘനമീറ്റർ വെള്ളം വൈപ്പാർ നദീതടത്തിലേക്ക് ഗതിമാറ്റി വിടാനുമാണ് നിർദ്ദിഷ്ട പമ്പാ-വൈപ്പാർ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഈ നദികളിൽ മിച്ചജലമുണ്ടെന്ന കണക്കുകൾ തികച്ചും തെറ്റിദ്ധാരണാജനകവും, അപ്രസക്തവുമാണ്. മഴക്കാലം അവസാനിക്കുന്നതോടെ അച്ചൻകോവിലാറിന്റെ നീരൊഴുക്ക് പലസ്ഥലത്തും ഇടമുറിയും. വേനൽക്കാലങ്ങളിൽ ഇടയ്ക്കിടക്കുള്ള വെള്ളക്കെട്ടുകളായി മാറും. ശബരിഗിരി പദ്ധതിയിൽ  നിന്നുള്ള അവശിഷ്ട ജലം ഒഴുകിവരുന്നതുകൊണ്ട് പമ്പാനദി പൂർണ്ണമായി വരളാറില്ല. മൂഴിയാർ പവ്വർ ഹൗസ് (വൈദ്യുതി നിലയം) അറ്റകുറ്റപ്പണികൾക്കുവേണ്ടി പ്രവർത്തനം നിർത്തിവയ്ക്കുമ്പോൾ പമ്പാനദിയുടെ സ്ഥിതിയും വ്യത്യസ്തമല്ല. പമ്പാനദിയിൽ ആവശ്യത്തിനു വെള്ളമില്ലാതിരുന്നതിനാൽ ലോകപ്രശസ്തമായ ആറന്മുള ഉത്രട്ടാതി വള്ളംകളി മത്സരം 2003 സെപ്തംബർ മാസത്തിൽ ഉപേക്ഷിക്കേണ്ടി വന്നു. മണിയാർ ഡാമിൽ നിന്നും വെള്ളം തുറന്നുവിട്ടാണ് പല വർഷങ്ങളിലും വള്ളംകളി നടത്തിവരുന്നത്. അച്ചൻകോവിലാറിൽ ഉപ്പുവെള്ളം കൂടിയതിനാൽ 2004 മാർച്ചിൽ രണ്ട് ആഴ്ചയോളം കായംകുളം താപനിലയം അടച്ചിടേണ്ടി വന്നു. ഈ നദികളിൽസ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളോ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളോ, വേനൽക്കാലങ്ങളിൽ വെള്ളം ഇല്ലാത്തതിനാൽ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാൻ കഴിയാറില്ല.

കോഴിക്കോട് സി.ഡബ്യ്യു.ആർ.ഡി. എമ്മിന്റെ (Centre for Water Resources Development and Management) കണക്കുകളനുസരിച്ച് രണ്ടുനദികളിൽ കൂടി ശരാശരി പ്രതിവർഷം 5978 ദശലക്ഷം വള്ളം ഒഴുകുന്നു. ഇതിൽ 3801 ദശലക്ഷം ഘനമീറ്റർ വെള്ളം മാത്രമേ ഉപയോഗയോഗ്യമായിട്ടുള്ളു. ദേശീയ ജലവികസന ഏജൻസി 3127 ദശക്ഷം ഘനമീറ്റർ വെള്ളം മിച്ചമുണ്ടെന്നു കണക്കാക്കിയാണ് നിർദ്ദിഷ്ട പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. തികച്ചും തെറ്റായ കണക്കുകൂട്ടലുകളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രായോഗിക സമീപനം ഇല്ലാതെയാണ് തമിഴ്നാടിന്റെ സമ്മർദ്ദത്തിനു വഴങ്ങി പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്നതിനു സംശയമില്ല.

അനിയന്ത്രിതമായ മണൽ ഖനനം മൂലം ഊർദ്ധശ്വാസം വലിച്ചുകഴിയുന്ന നദികളാണ് ഇവ രണ്ടും. കഴിഞ്ഞ 30 വർഷങ്ങളിലായി നദികൾക്കുണ്ടായിട്ടുള്ള ഭൗതികമായ മാറ്റങ്ങൾ, കാലാവസ്ഥ വ്യതിയാനം മൂലം മഴയുടെ വിതരണക്രമത്തിലും അളവിലും ഉണ്ടായിട്ടുള്ളമാറ്റം, ജനസംഖ്യാവർദ്ധനവുമൂലം ജല ഉപഭോഗത്തിനുണ്ടായിട്ടുള്ള വർദ്ധനവ്, കാർഷികാവശ്യങ്ങൾക്കും മാലിന്യനിവാരണത്തിനും ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റത്തെ പ്രതിരോധിക്കുവാനുള്ള ജലപ്രവാഹം, തുടങ്ങി ജലവ്യവസ്ഥയുടെ അനിവാര്യ ഉപയോഗത്തെ സംബന്ധിച്ച് വസ്തുനിഷ്ഠമായ കണക്കുകൾ കേരളം തയ്യാറാക്കേണ്ടതുണ്ട്. ഇവയൊന്നും കണക്കിലെടുക്കാതെ വർഷകാലത്ത് ഏതാനും ദിവസങ്ങളിലുണ്ടാകുന്ന ജലപ്രവാഹത്തെ കണ്ടുകൊണ്ടാണ് നദികളിലെ വെള്ളം കടലിലേക്കു വെറുതെ ഒഴുക്കികളയുകയാണെന്ന് തെറ്റിദ്ധരിക്കപ്പെടുന്നത്. വർഷത്തിൽ ഏറിയ കാലവും കടുത്ത ജലക്ഷാമം നേരിടുന്ന കേരളത്തിൽ മിച്ചജലമുണ്ടെന്നുള്ള കണക്കുകൾ തന്നെ തികച്ചും തെറ്റാണ്.

### പരിസ്ഥിതി പ്രത്യാഘാതം

നിർദ്ദിഷ്ട പദ്ധതിയിൽ വിഭാവനചെയ്യുന്ന ജലസംഭരണികളും തുരങ്കങ്ങളും എല്ലാം കോന്നി, അച്ചൻകോവിൽ വനമേഖലയിലാണ്. പദ്ധതിപ്രവർത്തനങ്ങൾക്കായി പത്ത് ച.കി. മീറ്റർ നിബിഡവനങ്ങൾ നശിപ്പിക്കേണ്ടിവരും. ജലപ്രദേശത്തെ കാട്ടരുവികളും, ജലസ്രോതസ്സുകളും, നീർത്തടങ്ങളും ക്രമേണ ഇല്ലാതാകുവാനിടയാകും. പമ്പാ, അച്ചൻകോവിൽ നദീതടങ്ങളിലെ 658 ച.ക.മീറ്റർ വൃഷ്ടിപ്രദേശത്തിന്റെ നീരൊഴുക്ക് തടയപ്പെടുന്നത് നദികളുടെ നാശത്തിന് ആക്കം കൂട്ടും. നദികളിൽ സ്ഥാപിച്ചിരുന്ന കുടിവെള്ള പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും അവതാളത്തിലാകും.

ഈ പദ്ധതി പ്രാവർത്തികമാക്കിയാൽ വിവിധ തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന കുട്ടനാട്ടിലെ ജലമലിനീകരണതോത് അപായകരമാംവിധം വർദ്ധിക്കും. വേനൽക്കാലങ്ങളിൽ നീരൊഴുക്ക് കുറയുന്നതോടെ കുട്ടനാട്ടിലും നദികളിലും ഉപ്പുരസം വർദ്ധിക്കും. ഇത് നിലവിലുള്ള പാരിസ്ഥിതിക സന്തുലനാവസ്ഥ പാടെ തകർക്കുന്നതിനും, ജലം ഉപയോഗ്യമല്ലാതാകുന്നതിനും ഇടയാക്കും. പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന കുട്ടനാട്ടിലെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ■